## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2876 — 19.06.14 ൽ - മറുപടിക്ക്

# കൊയിലാണ്ടി താലൂക്കിൽ പുതിയ റേഷൻകട

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കൊയിലാണ്ടി താലൂക്കിൽ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ വാകയാട്-മേച്ചേരികണ്ടിയിൽ ഒരു റേഷൻകട അനുവദിക്കുന്നത് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ | (എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ വാകയാട് മേച്ചേരികണ്ടിയിൽ റേഷൻകട അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടില്ല. എന്നാൽ മേൽ പഞ്ചായത്തിൽപ്പെട്ട വാകയാട് ലക്ഷം വീട് കോളനി പ്രദേശത്ത് റേഷൻകട അനുവദിക്കുന്നതിനായുള്ള അപേക്ഷ ജില്ലാ സപ്ലൈ ആഫീസിൽ ലഭിച്ചതായി കോഴിക്കോട് ജില്ലാ സപ്ലൈ ആഫീസർ അറിയിച്ചിട്ടുണ്ട്. |
| (ബി) ഈ അപേക്ഷയിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; | (ബി) പ്രസ്തുത അപേക്ഷ അന്വേഷണ റിപ്പോർട്ടിനായി കൊയിലാണ്ടി താലൂക്ക് സപ്ലൈ ആഫീസർക്ക് നൽകിയിട്ടുണ്ട്. താലൂക്ക് സപ്ലൈ ആഫീസറിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ആയതിനാൽ അപേക്ഷകന് മറുപടി നൽകിയിട്ടില്ല. |
| (സി) റേഷൻകട അനുവദിക്കുന്നതിന് എന്തെങ്കിലും തടസമുണ്ടെങ്കിൽ അറിയിക്കുമോ; | (സി) എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഭക്ഷ്യസുരക്ഷാ നിയമം എന്നിവ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇപ്പോൾ പുതിയ റേഷൻകടകളൊന്നും തന്നെ അനുവദിക്കുന്നില്ല. എന്നാൽ പിന്നോക്ക പ്രദേശങ്ങളിലും, അടിയന്തിര സാഹചര്യം പരിശോധിച്ചും അനുവദിക്കും. |
| (ഡി) അപേക്ഷകന് ഇതു സംബന്ധിച്ച് എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ; | (ഡി) ഇല്ല |
| (ഇ) ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ